(ബി) മത്സ്യസമ്പത്തിന്റെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ കാരണങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പഠനം നടത്തിയില്ലെങ്കിൽ പഠനം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ നടത്തിയിട്ടില്ല. മറ്റ് ഏജൻസികൾ നടത്തിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ പഠനം നടത്തുന്നകാര്യം പരിശോധിക്കാം.

മത്സ്യ വിതരണത്തിനാവശ്യമായ സഹായം

62 (1750) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി സംസ്ഥാനത്ത് ആകെ എത്ര പേർ മത്സ്യ വിതരണരംഗത്ത് തൊഴിൽ ചെയ്തുവരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ഇവർക്ക് മത്സ്യ വിതരണത്തിനാവശ്യമായ വാഹനങ്ങൾ, മത്സ്യം കേടു കൂടാതിരിക്കാൻ ഐസ് ബോക്സുകൾ എന്നിവ വിതരണം ചെയ്യുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്തെ ആഭ്യന്തര വിപണിയിൽ എത്ര തുകയുടെ മത്സ്യം ശരാശരി വിറ്റുവരുന്നുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഏകദേശം 67,500ലധികം പേർ.

(ബി) വാഹനങ്ങൾ, ഐസ് ബോക്സുകൾ എന്നിവ വിതരണം ചെയ്യുന്ന പദ്ധതികളൊന്നും ഇപ്പോൾ നടപ്പിലാക്കുന്നില്ല.

(സി) ഏകദേശം 1,000 കോടി രൂപയുടെ മത്സ്യം വിറ്റുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly